# കൂടുതൽ മെച്ചപ്പെട്ടൊരു ഭൂമിയ്ക്കായി ഏഴ് പ്രതിജ്ഞകൾ

2013 വന്നു കഴിഞ്ഞു. പുതുവത്സരം പ്രമാണിച്ച് ഓരോരുത്തരും പല പ്രതിജ്ഞകളും എടുക്കാനുള്ള തിരക്കിലായിരിയ്ക്കാം. ചിലരൊക്കെ എടുത്ത പ്രതിജ്ഞകളിൽ ചിലതെങ്കിലും ലംഘിച്ചു കഴിഞ്ഞിട്ടുമുണ്ടാകും. നമ്മുടെ ഈ ഗ്രഹത്തിലെ സ്ഥിതിഗതികൾ മെച്ചപ്പെടുത്താൻ വേണ്ടി മനുഷ്യരാശി ഒന്നടങ്കമെടുക്കേണ്ട പുതുവത്സരപ്രതിജ്ഞകളെപ്പറ്റിയുള്ള ചില ചിന്തകൾ നാമുമായി പങ്കു വയ്ക്കാനായി പ്രകൃതീമാതാവ് തന്റെ തിരക്കുപിടിച്ച ദിനചര്യയിൽ നിന്ന് ഏതാനും മിനിറ്റു വിനിയോഗിച്ചു.

ഭൂമിയ്ക്കു വേണ്ടി പുതുവത്സരത്തിൽ എടുക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഏഴ് പ്രതിജ്ഞകൾ ഇവയാണ്: പ്രകൃതിമാതാവേ, ഇവ സ്വീകരിച്ചാലും:

**1. ജീവജാലങ്ങൾക്കു വംശനാശം സംഭവിയ്ക്കുന്നതു തടയാം**

വിവിധ പഠനങ്ങളിൽ നിന്നു തെളിഞ്ഞിരിയ്ക്കുന്നത് ഭൂമി ഭീകരമായൊരു വംശനാശ ഭീഷണിയുടെ നടുവിലാണെന്നാണ്. ഇക്കഴിഞ്ഞ ചെറുകാലഘട്ടത്തിൽ വംശനാശങ്ങളുടെ ഒരു വെള്ളപ്പൊക്കം തന്നെയുണ്ടായിട്ടുണ്ട്. 65 ദശലക്ഷം വർഷങ്ങൾക്കു മുൻപ് ദിനോസോറുകൾ അപ്രത്യക്ഷമായശേഷം ഇത്രയധികം വംശനാശങ്ങളുണ്ടാകുന്നത് ഇതാദ്യമായാണ്. ഒരു പരിസ്ഥിതി സംരക്ഷണ സംഘടനയായ വേൾഡ് വൈൽഡ്ലൈഫ് ഫണ്ടിന്റെ ഒരു റിപ്പോർട്ടിൽ പറയുന്നത് ലോകത്തിന്റെ ജൈവവൈവിദ്ധ്യം 1970 കൾക്കു ശേഷം 30 ശതമാനത്തോളം താഴ്ന്നിട്ടുണ്ടെന്നാണ്. ഓരോ ദിവസവും 150 മുതൽ 200 വരെ ഇനങ്ങളുടെ വംശനാശം സംഭവിച്ചു കൊണ്ടിരിയ്ക്കുന്നെന്നും ഇത് വംശനാശത്തിന്റെ സ്വാഭാവിക നിരക്കിന്റെ പത്തു മുതൽ നൂറു വരെ ഇരട്ടിയാണെന്നും ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി പരിപാടി കണക്കാക്കിയിരിയ്ക്കുന്നു.

പല ജീവികളുടേയും വംശനാശത്തിലേയ്ക്കു നയിയ്ക്കുന്ന ഒരു പ്രധാന ഘടകം വന്യസമ്പത്തിന്റെ കൊള്ള തന്നെയാണ്. വികസ്വര രാഷ്ട്രങ്ങളിൽ ഇത് കൂടുതൽ രൂക്ഷമാണ്. ചില ഏഷ്യൻ മേഖലകളിൽ നിലവിലുള്ള പരമ്പരാഗത ചികിത്സാരീതികളിൽ മൃഗങ്ങളുടെ ശരീരഭാഗങ്ങൾ അനിവാര്യമായി തുടരുന്നതാണ് ഈ കൊള്ളകൾ കുത്തനെ ഉയർന്നിരിയ്ക്കുന്നതിനു കാരണമായത്. വീട്ടുമൃഗമായി വളർത്താൻ വേണ്ടിയും മൃഗങ്ങൾ പിടിയ്ക്കപ്പെടുന്നുണ്ട്. റോയിട്ടറുടെ റിപ്പോർട്ടനുസരിച്ച് ദക്ഷിണാഫ്രിക്കയിൽ 2012 ൽ മാത്രം ആകെ 633 കണ്ടാമൃഗങ്ങൾ കൊല്ലപ്പെട്ടുവത്രെ. 2011 ൽ ഈ സംഖ്യ 448 ഉം 2007 ൽ 13 ഉം മാത്രമായിരുന്നു. 2010 ൽ വിയറ്റ്നാമിലെ ജാവൻ കണ്ടാമൃഗത്തിന്റേതുൾപ്പെടെ അനേകം ജീവികളുടെ വംശനാശത്തിനു കാരണമായത് മുഖ്യമായും വനംകൊള്ള തന്നെയാണ്.

സദാ സമയവും അന്യമൃഗങ്ങളിലും സസ്യങ്ങളിലും ശ്രദ്ധ പതിപ്പിച്ചു കൊണ്ടിരിയ്ക്കുക ബുദ്ധിമുട്ടാണ്. പക്ഷേ, അന്യജന്തുക്കളും വിവിധ ജീവരൂപങ്ങളും നിറഞ്ഞിരുന്നൊരു ലോകത്തു ജനിച്ച ഒരു കൂട്ടം മൃഗങ്ങൾ മാത്രമാണു മനുഷ്യർ . ഇപ്പോഴും, വനവും വന്യജീവികളുമില്ലാത്ത, നഗരമദ്ധ്യത്തിൽ ജീവിയ്ക്കുമ്പോൾ പോലും അതിജീവനത്തിന്നായി ജനങ്ങൾ സസ്യങ്ങളേയും മൃഗങ്ങളേയും ആശ്രയിയ്ക്കുന്നു. പ്രിയപ്പെട്ട മനുഷ്യരേ, നിങ്ങൾ പ്രകൃതി നെയ്ത ജീവന്റെ വലയിലെ എണ്ണമറ്റ കണ്ണികളിൽ ഒന്നു മാത്രമായതു കൊണ്ട് ജൈവവൈവിദ്ധ്യനഷ്ടം

ആത്യന്തികമായി നിങ്ങൾക്കു തന്നെ ഹാനികരമായിത്തീരും. ഓരോ ജീവിവർഗ്ഗവും പ്രകൃതി ഉദ്ദേശിച്ച പ്രത്യേക പ്രവർത്തനത്തിന്ന് ചുമതലപ്പെട്ടിരിയ്ക്കുന്നു. ഒരു ജീവിവർഗ്ഗത്തിനു വംശനാശം സംഭവിച്ചു പോയാൽ ആ വശം ചുമതലപ്പെട്ടിരുന്ന പ്രത്യേക പ്രവർത്തനം നിറവേറാതെ പോകാനിട വരികയും, പ്രാകൃതിക ജൈവവ്യവസ്ഥയുടെ ഉത്പാദനക്ഷമത കുറയുകയും ചെയ്യും. മനുഷ്യർക്കു പ്രകൃതിയിൽ നിന്നു ലഭിച്ചു കൊണ്ടിരിയ്ക്കുന്ന പ്രയോജനങ്ങളിൽ വലുതായ കുറവു വരുത്താനിതു കാരണമാകും.

## 2. മഴക്കാടുകളെ സംരക്ഷിയ്ക്കാം

മഴക്കാടുകൾ സസ്യങ്ങളുടേയും മൃഗങ്ങളുടേയും സൂക്ഷ്മാണുക്കളുടേയും കലവറകളാണ്. വനങ്ങളെപ്പറ്റി പറയുമ്പോൾ പെട്ടെന്ന് ഓർത്തുപോകുന്നത് ഭീമാകാരമുള്ള ആനകളേയും അഴകൊത്ത കടുവകളെയുമായിരിയ്ക്കാം. എന്നാൽ ഇവ മാത്രമല്ല, അസംഖ്യം ആർത്രോപോഡുകളും മഴക്കാടുകളിലുണ്ട്. ബാഹ്യാസ്ഥികൂടമുള്ളതും ഖണ്ഡങ്ങളുള്ള ശരീരത്തോടു കൂടിയതുമായ, നട്ടെല്ലില്ലാത്ത ജീവികളാണ് ഇവ. കൊതുക്, തുമ്പി, ഈച്ച, മൂട്ട, ചെള്ള് എന്നിങ്ങനെയുള്ള പ്രാണികളും ചിലന്തിയെപ്പോലുള്ള അരാക്നിഡുകളും, ഞണ്ട്, ചെമ്മീൻ മുതലായ ക്രസ്റ്റേഷ്യനുകളും ആർത്രോപോഡുകളിൽ പെടുന്നു. ഏറ്റവും വൈവിദ്ധ്യമാർന്ന ഒരു കൂട്ടം ജീവികളാണ് ആർത്രോപോഡുകൾ . മറ്റു മൃഗങ്ങളുടെ വിസർജ്ജ്യങ്ങൾ ആഹരിയ്ക്കുന്നതു മുതൽ പൂക്കളിൽ പരാഗണം നടത്തുന്നതു വരെയുള്ള മർമ്മപ്രധാനമായ പ്രവർത്തനങ്ങൾ അവ നിറവേറ്റുന്നു. മനുഷ്യർക്കു പ്രയോജനകരമായ ഒട്ടേറെ സസ്യങ്ങളും മഴക്കാടുകളിലുണ്ട്. ആ സസ്യങ്ങളിൽ നിന്നു തയ്യാറാക്കിയ പല മിശ്രിതങ്ങളും അനേകം ഔഷധങ്ങളുടെ ഉത്പാദനത്തിന്നുപയോഗിയ്ക്കുന്നു. ആമസോൺ വനങ്ങളിലെ സിങ്കോണ മരത്തിൽ നിന്നുത്പാദിപ്പിയ്ക്കുന്ന ക്വിനൈൻ മലേറിയയ്ക്ക് ഏറ്റവും ഫലപ്രദമായ ഔഷധമാണ്. ഇത്തരം വിലപ്പെട്ട സസ്യസമ്പത്തു കണ്ടെത്തും മുൻപേ തന്നെ നശിപ്പിയ്ക്കപ്പെട്ടു പോകുന്നത് ദുഃഖകരമാണ്.

ഈ ഗ്രഹത്തിന് ഓക്സിജൻ ലഭ്യമാക്കുന്ന വലിയൊരു സ്രോതസ്സുമാണ് വനങ്ങൾ . എന്നിട്ടും വനങ്ങൾ വൻതോതിൽ നശിപ്പിയ്ക്കപ്പെട്ടുകൊണ്ടിരിയ്ക്കുന്നു. ഉദാഹരണത്തിന്ന്, 2000 മുതൽ 2010 വരെയുള്ള കാലയളവിൽ ആമസോൺ മഴക്കാടുകളുടെ 93,000 ചതുരശ്ര മൈലോളം (240,000 ചതുരശ്ര കിലോമീറ്ററോളം) വെട്ടി നശിപ്പിയ്ക്കപ്പെട്ടു. ഇത് ഏകദേശം ബ്രിട്ടന്റെ വലിപ്പത്തിനു തുല്യമാണ്.

## 3. ഉയർന്ന ജൈവവൈവിദ്ധ്യമുള്ള പ്രദേശങ്ങൾ സംരക്ഷിയ്ക്കാം

എല്ലാ പ്രദേശങ്ങളും സമമായല്ല സൃഷ്ടിയ്ക്കപ്പെട്ടിട്ടുള്ളത്. ചില പ്രദേശങ്ങളെ അതേപടി പരിരക്ഷിയ്ക്കേണ്ടതുണ്ട്. വംശനാശ ഭീഷണി നേരിടുന്ന ഇനങ്ങൾ , ലോകത്തിന്റെ മറ്റു ഭാഗങ്ങളിലൊന്നും കാണപ്പെടാത്ത ഇനങ്ങൾ , ഉയർന്ന തരം ചില ഇനങ്ങൾ , അതിപ്രധാന പാരിസ്ഥിതിക പ്രയോജനങ്ങൾ നൽകുന്ന ഇനങ്ങൾ , ഇവയെല്ലാമുള്ള പ്രദേശങ്ങളാണ് അത്തരത്തിൽ പ്രത്യേകം സംരക്ഷിയ്ക്കപ്പെടേണ്ടവ.

നിങ്ങളുടെ സവിശേഷ ശ്രദ്ധയർഹിയ്ക്കുന്ന പ്രദേശങ്ങളുടെ ഉദാഹരണങ്ങളിൽ മഡഗാസ്കറും ഉൾപ്പെടുന്നു. ആഫ്രിക്കയുടെ തൊട്ടടുത്തുള്ള ദ്വീപായ മഡഗാസ്കറിന്നു സമാനമായ മറ്റൊരു പ്രദേശം ലോകത്തില്ല. കുരങ്ങുകളുമായി സാദൃശ്യമുള്ള ലീമറുകൾ എന്നറിയപ്പെടുന്ന മൃഗവും മറ്റനേകം അപൂർവ്വ ജീവരൂപങ്ങളും മഡഗാസ്കറിൽ മാത്രമാണുള്ളത്. പക്ഷേ, മഡഗാസ്കറിലെ

വനങ്ങളും പുൽപ്രദേശങ്ങളും ദ്രുതഗതിയിലാണ് നശിപ്പിയ്ക്കപ്പെട്ടു കൊണ്ടിരിയ്ക്കുന്നത്. വനത്തിന്റെ 90 ശതമാനമെങ്കിലും മഡഗാസ്കറിന്നു നഷ്ടമായിക്കഴിഞ്ഞിട്ടുണ്ട്.

ഫിലിപ്പെൻസാണ് വിലപ്പെട്ട മറ്റൊരു രത്നം. ഭൂമിയിൽ ഏറ്റവുമധികം ജൈവവൈവിധ്യമുള്ള ഇടങ്ങളിലൊന്നാണ് ഫിലിപ്പെൻസ്. വനനശീകരണത്തിന്റേയും നഗരവികസനത്തിന്റേയും ഭീഷണി നേരിട്ടുകൊണ്ടിരിയ്ക്കുകയാണ് അവിടുത്തെ ജൈവവൈവിദ്ധ്യം. ശാസ്ത്രത്തിന് ഇതുവരെ പരിചയമില്ലാതിരുന്ന മുന്നൂറോളം ഇനം ജീവജാലങ്ങളെ ഇയ്യിടെ അവിടേയ്ക്കു നടന്ന ഒരൊറ്റ പര്യവേക്ഷണത്തിൽ തന്നെ കണ്ടെത്തി. ഭയപ്പെടുമ്പോൾ സ്വയം വീർക്കുന്ന ഒരു തരം ആഴക്കടൽ സ്രാവും അക്കൂട്ടത്തിൽ പെടുന്നു. ഈ ഇനം ജീവജാലങ്ങൾ മനുഷ്യപ്രവർത്തനങ്ങൾ മൂലം അപകടത്തിലാണ്. കണ്ടു പിടിയ്ക്കപ്പെടും മുൻപേ തന്നെ വംശനാശം സംഭവിയ്ക്കാൻ സാദ്ധ്യതയുള്ള ജീവജാലങ്ങളും അവിടെയുണ്ടായിരിയ്ക്കാം.

## 4. ഹരിതഗൃഹവാതകങ്ങൾ കുറച്ചുകൊണ്ട് കാലാവസ്ഥാ വ്യതിയാനത്തെ നിയന്ത്രിയ്ക്കാം

മനുഷ്യർ വാതകങ്ങൾ ഉൽപാദിപ്പിയ്ക്കുന്നൊരു കൂട്ടരാണ്. അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റേയും മീഥേയ്നിന്റേയും , അവയെപ്പോലെ സൂര്യനിൽ നിന്നും ഭൂമിയിലെയ്ക്കെത്തുന്ന താപത്തിന്റെ പ്രതിഫലനം തടഞ്ഞു നിർത്തുന്ന മറ്റു വാതകങ്ങളുടേയും ഗാഢത മനുഷ്യർ ഫോസ്സിലുകളിൽ അഥവാ ജീവാശ്മങ്ങളിൽ നിന്നുള്ള ഇന്ധനം കത്തിച്ച്, വർദ്ധിപ്പിയ്ക്കുന്നു. അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ ഗാഢത ഒരു ദശലക്ഷത്തിൽ 350 ഭാഗങ്ങൾ മാത്രമായി പരിമിതപ്പെടുത്തേണ്ടത് ഉയർന്ന അന്തരീക്ഷതാപം, അടിയ്ക്കടിയുള്ള അത്യുഷ്ണം, വരൾച്ച, സമുദ്രനിരപ്പിന്റെ ഉയർച്ച, കാലാവസ്ഥാവ്യതിയാനത്തോടു പൊരുത്തപ്പെട്ടു പോകാൻ കഴിയാത്ത ഒട്ടേറെ മൃഗങ്ങളുടെ വംശനാശം, ഇങ്ങനെ മനുഷ്യപ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാന ദുരന്തങ്ങൾ തടയാൻ അത്യാവശ്യമാണെന്ന് കാലാവസ്ഥാ ശാസ്ത്രജ്ഞർ കണക്കു കൂട്ടിയെടുത്തിട്ടുണ്ട്. എന്നാലിപ്പോഴത്തെ ഗാഢത 393 ഭാഗങ്ങൾക്കടുത്താണെന്നും, പ്രതിവർഷം അത് രണ്ടു ഭാഗങ്ങൾ വീതം ഉയർന്നുകൊണ്ടിരിയ്ക്കുകയാണെന്നും ഹവായിയിലെ മൌനാ ലോവാ വാന നിരീക്ഷണകേന്ദ്രം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ആഗോള താപനത്തിൻറെ ദുരന്തഫലങ്ങൾ ഒഴിവാക്കാനായി മനുഷ്യർ മറ്റ് ഇന്ധന സ്രോതസ്സുകൾ അതിവേഗം കണ്ടെത്തേണ്ടിയിരിയ്ക്കുന്നു. നിങ്ങൾക്കു ലഭ്യമായിരിയ്ക്കുന്നതു കൊണ്ടു തൃപ്തിപ്പെടുകയും, സൂര്യപ്രകാശം, കാറ്റ്, ഭൂമിയിൽ നിന്നുള്ള താപം, എന്നീ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിയ്ക്കാൻ തുടങ്ങുകയും വേണം.

പോളാർ ആംപ്ലിഫിക്കേഷൻ അഥവാ ധ്രുവങ്ങളിലെ വർദ്ധനവ് എന്നൊരു പ്രതിഭാസം മൂലം ആഗോളതാപനത്തിന്റെ രൂക്ഷതമമായ ദൂഷ്യഫലങ്ങൾ ആർക്ടിക്, അൻറാർക്ടിക് ഭൂഖണ്ഡങ്ങളിലാണ്. അനുഭവപ്പെടുന്നത്. കഴിഞ്ഞ മൂന്നു ദശാബ്ദക്കാലം കൊണ്ട് ആർക്ടിക് പ്രദേശത്തിന്റെ താപം 1 .7 ഡിഗ്രീ സെൽസിയസ് ഉയർന്നിട്ടുണ്ട്. ഇത് ലോകത്തിന്റെ മറ്റു ഭാഗങ്ങളേക്കാൾ വേഗമായിരുന്നു. വരാൻ പോകുന്ന ദുരന്തങ്ങളുടെ മുന്നോടിയായി വേണം ഇതിനെ കണക്കാക്കാൻ . ധ്രുവക്കരടി, പെൻഗ്വിൻ എന്നിങ്ങനെ അഴകുള്ള പല ജീവികളുടേയും വാസസ്ഥലം കൂടിയാണ് ധ്രുവങ്ങൾ . കാലാവസ്ഥാ വ്യതിയാനങ്ങൾ ഈ ജീവികളെയെല്ലാം പ്രതികൂലമായി ബാധിയ്ക്കുന്നു. ഘനീഭവിച്ച ജലം ധാരാളമുള്ള ഈ ഭൂവിഭാഗങ്ങളിലെ മഞ്ഞുമലകൾ ഉരുകുകയാണെങ്കിൽ ലോകത്തിൽ ഇന്നുള്ള മിയ്ക്ക വൻനഗരങ്ങളും വെള്ളത്തിനടിയിലാകാൻ വഴിയുണ്ട്. ഈ മഞ്ഞുമലകൾ ഭാഗികമായി മാത്രം

ഉരുകിയാൽപ്പോലും അത് സമുദ്രനിരപ്പിൽ ഗണ്യമായ ഉയർച്ചയ്ക്ക് കാരണമാകും.

### 5. ജലമലിനീകരണം തടയാം

ജലത്തിന്റെ കാര്യത്തിൽ ആത്മഹത്യാപരമായ നയമാണ് മനുഷ്യർ പിന്തുടരുന്നത്. അമേരിക്കയിലും യൂറോപ്പിലും മറ്റ് ചില ഭാഗങ്ങളിലും ഇക്കാര്യത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ച് കഴിഞ്ഞിട്ടുണ്ടെങ്കിലും ചൈനയും ദക്ഷിണ ഏഷ്യയും ആഫ്രിക്കയും ഉൾപ്പെടെയുള്ള കുറേയേറെ പ്രദേശങ്ങളിൽ ജലമലിനീകരണം ഭീകരമായ, അതിവേഗം രൂക്ഷമായിക്കൊണ്ടിരിയ്ക്കുന്നൊരു പ്രശ്നമായി പരിണമിച്ചിരിയ്ക്കുന്നു. കാർഷികവൃത്തിയിൽ നിന്നുണ്ടാകുന്ന മലിനജലം കുടിവെള്ളത്തെ മലിനപ്പെടുത്തുക മാത്രമല്ല ചെയ്യുന്നത്. അത് സമുദ്രത്തിൽ ചെന്നു ചേർന്നു കഴിയുമ്പോൾ അതിൽ ആൽഗേ വളരുകയും ജലത്തിലെ ഓക്സിജൻ മുഴുവനും വലിച്ചെടുത്തുപയോഗിയ്ക്കുകയും അങ്ങനെ ഓക്സിജനില്ലാത്ത മരണപ്പെട്ട മേഖലകൾ സൃഷ്ടിയ്ക്കുകയും ചെയ്യുന്നു. ഇത്തരം മേഖലകളിലെ ജീവനത്തിന്ന് ഓക്സിജൻ ആവശ്യമായ മറ്റ് ജീവികൾ മരണമടയുകയും ചെയ്യുന്നു. മെക്സിക്കോ ഉൾക്കടലിൽ രൂപപ്പെട്ടുകഴിഞ്ഞ ഇത്തരം 'മരണപ്പെട്ട മേഖല' ക്രമമായി വളർന്നു കൊണ്ടേയിരിയ്ക്കുന്നു. ഇപ്പോഴത് അമേരിക്കൻ സംസ്ഥാനമായ ന്യൂജേഴ്സിയോളം വലിപ്പമുള്ളതായിത്തീർന്നിരിയ്ക്കുന്നു. ജൈവവൈവിദ്ധ്യത്തിന്റെ മുഖ്യകേന്ദ്രങ്ങളാണ് കടലിലെ പൂന്തോട്ടങ്ങൾ എന്നറിയപ്പെടുന്ന പവിഴപ്പുറ്റുകൾ . ജലമലിനീകരണം പവിഴപ്പുറ്റുകളെ രോഗബാധിതമാക്കുന്നുവെന്ന വസ്തുത അധികമാരാലും ശ്രദ്ധിയ്ക്കപ്പെടാതെ പോകുന്ന ഒന്നാണ്. പവിഴപ്പുറ്റുകൾ ഇതു മൂലം കുറഞ്ഞു വരുന്നു.

### 6. മത്സ്യസമ്പത്തിനെ പരിപാലിയ്ക്കുകയും സ്രാവു വേട്ട നിയന്ത്രിയ്ക്കുകയും ചെയ്യാം.

വ്യാവസായികാടിസ്ഥാനത്തിലുള്ള മത്സ്യബന്ധനം അസംഖ്യം മത്സ്യങ്ങളുടേയും കടലാമകളുടേയും സമുദ്രസസ്തനജീവികളുടേയും അകാരണമായ മരണത്തിന്നിടയാക്കുന്നു. അതിവിപുലമായ വലകളും, നീളമുള്ള ചരടുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനമാണ് ഇക്കൂട്ടത്തിൽ ഏറ്റവുമധികം ദോഷഫലങ്ങളുണ്ടാക്കുന്നത്. വഴിയിൽ കാണുന്നതെല്ലാം പിടിയ്ക്കുന്ന തരം വലിവലകളും സെയിനുകളും പൊന്തുവലകളും ഈ ഇനത്തിൽ പെടുന്നു. നീളമുള്ള ചരടുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതിയിൽ മുപ്പതു മൈലോളം (48 കിലോമീറ്ററോളം) നീളത്തിൽ വെള്ളത്തിൽ പൊന്തിക്കിടക്കുന്ന ആയിരക്കണക്കിനു ചൂണ്ടക്കൊളുത്തുകളിൽ കുടുങ്ങുന്ന ടൂണ, വാൾമീൻ എന്നീ മത്സ്യങ്ങളുടെ പകുതിയിലേറെയും സമുദ്രത്തിലേയ്ക്ക് തന്നെ തിരിച്ചെറിയപ്പെടുന്നു. അവ മിയ്ക്കതും മരണപ്പെട്ടു പോകുന്നെന്ന് പ്യൂ പരിസ്ഥിതി സംഘം റിപ്പോർട്ടു ചെയ്തിരിയ്ക്കുന്നു.

സ്രാവു വേട്ടയും കുത്തനെ വർദ്ധിച്ചിരിയ്ക്കുന്നു. ചൈനയിൽ സ്രാവു ചിറകുസൂപ്പിനുള്ള ആവശ്യം ക്രമാതീതമായി ഉയർന്നതാണ് ഇതിന്റെ പ്രധാന കാരണം. ഈ സൂപ്പിൽ ഉയർന്ന തോതിൽ വിഷാംശം അടങ്ങിയിരിയ്ക്കുന്നുവെന്ന് തെളിയിയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇതിന്നായി 73 ദശലക്ഷം സ്രാവുകളാണ് പ്രതിവർഷം വേട്ടയാടപ്പെടുന്നത്. അന്യജീവികളെ തിന്നു ജീവിയ്ക്കുന്ന സ്രാവുകൾ സാമുദ്രിക പാരിസ്ഥിതിക സന്തുലനത്തിന്ന് അനിവാര്യമാണ്.

### 7. ഉപഭോഗം കുറയ്ക്കാം

ഇതു വളരെ ലളിതമാണ്. ഉപഭോഗം കുറയ്ക്കുക. കുറഞ്ഞ ഊർജ്ജവും ജലവും ഉപയോഗിച്ച്

അതിജീവനം നടത്താവുന്ന അമേരിക്കക്കാർ പ്രത്യേകിച്ചും ഉപഭോഗം കുറയ്ക്കേണ്ടതാണ്. ലോകത്തിലെ മറ്റുള്ളവരിൽ മിക്കവരും കേവലം ഒരംശം കൊണ്ടു മാത്രമാണു ജീവിച്ചു പോരുന്നത്. വസ്തുക്കളുടെ പുനരുപയോഗം മറ്റൊരു നല്ല നയമായിരിക്കും. ഷോപ്പിംഗ് സഞ്ചികൾ വീണ്ടും വീണ്ടും ഉപയോഗിക്കുന്നതും അതുവഴി പ്ലാസ്റ്റിക്കിന്റേയും കടലാസ്സിന്റേയും ഉപയോഗത്തിൽ ഗണ്യമായ കുറവു വരുത്തുന്നതും ഈ നയത്തിന്റെ ഭാഗമായിരിക്കും. ഫാഷനു ചേർന്നതല്ലാതായി എന്ന ഒറ്റക്കാരണം കൊണ്ട് വസ്തുക്കൾ എറിഞ്ഞു കളയേണ്ടതില്ല. എറിഞ്ഞു കളഞ്ഞ വലിയൊരു ശതമാനം വസ്തുക്കൾ ശരിയാംവണ്ണം പ്രവർത്തിക്കുന്നവയാണെന്ന് ഇയ്യിടെ നടന്ന ഒരു പഠനത്തിൽ തെളിഞ്ഞിട്ടുണ്ട്. ഇതിനു പുറമേ, ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കാനായി ഇരട്ട സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജം മാറിമാറി ഉപയോഗിക്കുന്ന ഹൈബ്രിഡ് കാറുകളോ, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നു ഊർജ്ജം നിറയ്ക്കാവുന്ന വൈദ്യുതകാറുകളോ പോലുള്ള മെച്ചപ്പെട്ട വാഹനങ്ങൾ നിർമ്മിക്കുകയോ വാങ്ങുകയോ ചെയ്യണം. ശീതോഷ്ണ സ്വയം നിയന്ത്രണയന്ത്രം അഥവാ പ്രോഗ്രാമബിൾ തെർമോസ്റ്റാറ്റു പോലുള്ള സ്വയം നിയന്ത്രണ യന്ത്രങ്ങൾ ലൈറ്റുകൾ കെടുത്താനും ഉപകരണങ്ങൾ നിശ്ചലമാക്കാനും ഉപയോഗിക്കുന്നതും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കും. ശീതീകരണയന്ത്രങ്ങളിലെ വായു അരിപ്പകൾ ഇടയ്ക്കിടെ മാറ്റുകയും വേണം.

പ്ലാസ്റ്റിക്കിന്റെ ഉപഭോഗം കുറയ്ക്കുന്നത് ശുഭകരമായൊരു തുടക്കം കുറിക്കും. ഭൂഗോളത്തിന്റെ ഓരോ മുക്കിലും മൂലയിലും വരെ പ്ലാസ്റ്റിക് കാണാവുന്നതാണ്. ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഉത്തര പസിഫിക് സബ്ട്രോപ്പിക്കൽ ഗയർ (ഉഷ്ണമേഖലയ്ക്കു സമീപം മാറിമാറിയുണ്ടാകുന്ന സമുദ്രജലപ്രവാഹങ്ങളുടെ കൂട്ടം) എന്ന പേരിൽ അറിയപ്പെടുന്ന പസിഫിക്കിലെ ആഴമേറിയ 'കുപ്പത്തൊട്ടി പ്രദേശ'ത്തു പോലും പ്ലാസ്റ്റിക് കാണാം. എന്തിനധികം, ആർക്റ്റിക് സമുദ്രത്തിന്റെ അടിത്തട്ടിൽ പോലും പ്ലാസ്റ്റിക്കുണ്ട്.

ഭൂമിയിലെ പ്രകൃതിവിഭവങ്ങൾ അളവറ്റവയല്ല. മനുഷ്യർ പരിസ്ഥിതി സംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നില്ലെങ്കിൽ താമസിയാതെ ഇക്കാര്യം കൂടുതൽ വ്യക്തമാകും, തിക്തഫലങ്ങൾ അനുഭവിയ്ക്കേണ്ടതായും വരും.

(ലൈവ് സയൻസ് ഡോട് കോമിൽ ഡഗ്ലസ് മെയിൻ ജനുവരി നാലിന്നെഴുതിയ "7 Resolutions for a Better Planet" എന്ന ലേഖനത്തിന്റെ സ്വതന്ത്ര വിവർത്തനം.)